**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) ആന്റ് ചീഫ് വൈൽഡ്ലൈഫ് വാർഡൻ, തിരുവനനന്തപുരം - ന്റെ നടപടി ഉത്തരവ്**

**<u>പുറപ്പെടുവിക്കുന്നത് : അനിൽ കുമാർ ഭർദ്വജ്, ഐ.എഫ്.എസ്</u>**

**വിഷയം:** കാട്ടുതീ പ്രതിരോധം - സൈലന്റ് വാലി നാഷണൽ പാർക്കിൽ സന്ദർശകരെ നിരോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്.

**സൂചന:** ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), പാലക്കാടിന്റെ 03.02.2018-ലെ പി.5-369/15 നം കത്ത്.

**<u>ഉത്തരവ് നം.ഡബ്ളിയു.എൽ4-5916 /16 തീയതി 06.02.2018</u>**

കടുത്ത വേനൽ കാരണം പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വരൾച്ചയുടെ തീവ്രത വർദ്ധിക്കുന്നതിനാൽ സെലന്റ് വാലി നാഷണൽ പാർക്കിന്റെ പല ഭാഗങ്ങളിലും കാട്ടുതീ ഉണ്ടാകുവാൻ സാധ്യതയുള്ളതായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്), പാലക്കാട് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പാർക്കിന്റെ സംരക്ഷണത്തിനായും, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായും സൈലന്റ് വാലി നാഷണൽ പാർക്കിന്റെ അംഗീകരിച്ച മാനേജ്മെന്റ് പ്ലാനിന്റെ 6.4.2.2 ഖണ്ഡികയിലെ ശുപാർശ പ്രകാരവും 2018 ഫെബ്രുവരി 7 മുതൽ ഏപ്രിൽ 7 വരെയുള്ള കാലയളവിൽ സെലന്റ് വാലി നാഷണൽ പാർക്കിൽ സന്ദർശകരുടെ പ്രവേശനം നിരോധിക്കണമെന്ന് മേൽ സൂചന പ്രകാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), പാലക്കാട് ശുപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, 1972 ലെ വന്യജീവി സംരക്ഷണ നിയമം, 33-ാം വകുപ്പ് പ്രകാരം **സൈലന്റ് വാലി നാഷണൽ പാർക്കിൽ 2018-ഫെബ്രുവരി 7 മുതൽ ഏപ്രിൽ 7 വരെയുള്ള കാലയളവിൽ സന്ദർശകർക്ക് പ്രവേശനം നിരോധിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) &
ചീഫ് വൈൽഡ്ലൈഫ് വാർഡൻ

പകർപ്പ്:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം), പാലക്കാട്
2. വൈൽഡ്ലൈഫ് വാർഡൻ, സൈലന്റ് വാലി
3. ഡയറക്ടർ, ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
4. അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (എഫ്.എം.ഐ.എസ്)

SFO website 7/2 Vinod. S DCF (FMIS)

*D:\Files.Whole\Files\2018.Sh\Section Files\WL4\Proceedings.Mal.doc*